## പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **1637** 21/1/2014 ൽ മറുപടിയ്ക്ക്

# പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. കെ. രാജു | | **ശ്രീ. കെ.പി. മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് നിലവിൽ എത്ര പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്ത് 9 പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകളാണ് നിലവിലുള്ളത്. |
| (ബി) | പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകളിൽ നിന്നും കർഷകന് ലഭ്യമാ കുന്ന സേവനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കുമോ ; | (ബി) | കാർഷികവിളകളെ ആക്രമിക്കുന്ന കീടങ്ങളുടെ ജൈവികനിയന്ത്രണം ലക്ഷ്യമാക്കി ആരംഭിച്ച ഈ സ്ഥാപനം പ്രധാനമായും ശ്രദ്ധ കേന്ദ്രീകരിക്കുന്നത് തെങ്ങോലപ്പുഴുവിന് എതിരെയുള്ള എതിർപ്രാണികളുടെ ഉല്പാദനവും അവ കർഷകർക്ക് കൃഷി സ്ഥലങ്ങളിൽ സൗജന്യമായി വിതരണം ചെയ്ത് കർഷകർക്ക് ആവശ്യമായ ബോധവൽക്കരണം നൽകി തെങ്ങുകൃഷിയെ രക്ഷിക്കുക എന്നീ കാര്യങ്ങളിലാണ്. |
| (സി) | പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകളുടെ പ്രവർത്തനം കൊണ്ട് കർഷകർക്ക് പ്രയോജനം ലഭിക്കുന്നുണ്ടോ; | (സി) & (ഡി) | പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകളുടെ പ്രവർത്തനം കൊണ്ട് കർഷകർക്ക് വളരെയധികം പ്രയോജനം ലഭിക്കുന്നുണ്ട്; ഇപ്പോഴുള്ള പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകൾക്ക് ആവശ്യമായ അറ്റക്കുറ്റപ്പണി |
| (ഡി) | ഇല്ലെങ്കിൽ ഇതിന്റെ പ്രവർത്തനം ഫലപ്രദവും ഉപയുക്തവുമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; | | |

നടത്താനും ജീർണ്ണിച്ചവ പുതിയ കെട്ടിടം നിർമ്മിച്ച് മാറ്റുന്നതിനും ടെക്നിക്കൽ ആഫീസർമാരെ നിയമിച്ച് കൂടുതൽ ഫലപ്രദമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഇ) സംസ്ഥാനത്തെ പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകളിൽ താല്ക്കാലിക അടിസ്ഥാനത്തിൽ കൃഷി ഓഫീസർമാരെ നിയമിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ആരാണ് നിയമന അധികാരി എന്ന് വ്യക്തമാക്കുമോ?

(ഇ) സർക്കാർ ഉത്തരവ് ജി.ഒ (ആർ റ്റി) നം.1651/13/എഡി തീയതി, 19/9/2013 ലെ ക്രോപ് ഹെൽത്ത് മാനേജ്മെന്റ് പദ്ധതി പ്രകാരം ഒരു പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷന് ഒരു കൃഷി ആഫീസർ എന്ന നിലയിൽ കരാർ അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതാത് ജില്ലയിലെ ജില്ലാ പ്രിൻസിപ്പൽ കൃഷി ആഫീസർ ആണ് നിയമന അധികാരി.

സെക്ഷൻ ഓഫീസർ